LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷാ ഫീസ്

12(*102) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാ ഫീസ് ഈടാക്കുന്നതിന് ആലോചനയുണ്ടോ ; എങ്കിൽ എത്ര ശക വീതം ഫീസായി ഈടാക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം മീറ്റിങ്ങിൽ പ്രസ്തുത നടപടി സംബന്ധിച്ച് ധാരണയുണ്ടായിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ പരീക്ഷകൾ കൃത്യമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഇല്ല.

(ബി) അപ്രകാരം ഒരു നിർദ്ദേശം യോഗത്തിൽ ഉയർന്നുവെങ്കിലും ആയതിൽ ധാരണ ഉണ്ടായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഒരു രൂപയ്ക്ക് റേഷൻ അരി നൽകുന്ന പദ്ധതി

13(* 103) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്ക് റേഷൻ അരി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?